കൈയൊഴിയുന്ന വീട്ടുജോലിക്കാരായ കേരളീയ വനിതകൾ എന്നിവയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട എംബസികളുടെയും കോൺസുലേറ്റുകളുടെയും സഹായം ലഭ്യമാക്കിവരുന്നു.

വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കാൻ സഹായിക്കുക, വിദേശ കേരളീയരുടെ നാട്ടിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരിന്റെ വിവിധ ഏജൻസികളുടെ പ്രവർത്തനം ലഭ്യമാക്കുക എന്നിവയാണ് പ്രവാസി കേരളീയർക്ക് നൽകിവരുന്ന മറ്റ് സഹായങ്ങൾ.

(ബി) ഇപ്രകാരം ഒരു പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടില്ല.

(സി) ഇപ്രകാരം ഒരു പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ)&(എഫ്) 2000-ാംമാണ്ടിൽ വിതരണം ചെയ്യാനുദ്ദേശിക്കുന്ന പുതിയ റേഷൻ കാർഡുകളിൽ പ്രവാസി കേരളീയരുടെ പേരും ഉൾപ്പെടുത്തുന്നതിന് എന്യൂമറേഷൻ സമയത്ത് വിദേശ കേരളീയരുടെ വിവരവും ശേഖരിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

12 (1372) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി പ്രവാസി കേരളീയർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) പ്രവാസികൾക്ക് വേണ്ടിയുള്ള പ്രവാസി കേരളീയ കുടുംബാരോഗ്യ പദ്ധതിയിൽ ചേരുന്നവർക്ക് എന്തെല്ലാം പ്രയോജനം ലഭിക്കും;

(സി) ഈ പദ്ധതിയിൽ ചേരുന്നവർ എന്ത് തുകയാണ് അടയ്ക്കേണ്ടത്;

(ഡി) തുക അടയ്ക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതാരാണ്;

(ഇ) ഈ പദ്ധതിയിൽ ഗവൺമെന്റിന് ആളൊന്നുക്ക് എന്ത് ചെലവ് വരും;

(എഫ്) ഈ പദ്ധതിയിൽ ചേരുന്ന പ്രവാസി മലയാളികൾ അടയ്ക്കുന്ന തുകയിൽനിന്ന് ഗവൺമെന്റിന് എന്തെങ്കിലും കമ്മീഷൻ ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ജി) ഇതുവരെ ഈയിനത്തിൽ ഗവൺമെന്റിന് എന്തു തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി ഇതുവരെ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല. പ്രവാസി കേരളീയർക്കായി ഒരു

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ പദ്ധതി ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു.

(ബി)&(സി) അപകടമോ അസുഖമോമൂലം ഇൻഡ്യയിലുള്ള ഏതെങ്കിലും ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള ചെലവുകൾക്കാണ് കുടുംബാരോഗ്യപദ്ധതിയിൽ പരിരക്ഷ ലഭിക്കുന്നത്. പദ്ധതിയുടെ സവിശേഷതകൾ, അംഗത്വ ഫീസ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ഡി) ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി.

(ഇ) ഈ പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാരിന് പ്രത്യേക ചെലവ് ഒന്നുംതന്നെ വരുന്നില്ല.

(എഫ്)&(ജി) ഈ പദ്ധതിയിൽ സംസ്ഥാന സർക്കാരിന് കമ്മീഷൻ ലഭിക്കാൻ വ്യവസ്ഥ ഇല്ല.

13 (1373) വിദേശ മലയാളികളിൽനിന്നും ലഭിക്കുന്ന സഹായം

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളിൽനിന്ന് രാജ്യത്തിന് എത്ര തുക ഓരോ വർഷവും ലഭ്യമാകുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത തുകയുടെ ഒരു വിഹിതം സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ ചെലവഴിക്കാൻ സാധിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ;

(സി) ഈ തുക ഉപയോഗിച്ച് സംസ്ഥാനത്ത് മാനവശേഷി വികസന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ കേന്ദ്രത്തിന്റെ നിലപാടെന്താണെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രവാസി മലയാളികളിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല. എന്നാൽ 1998 ഡിസംബർ 31-ലെ കണക്കു പ്രകാരം സംസ്ഥാനത്തെ ബാങ്കുകൾ സ്വരൂപിച്ച ഡെപ്പോസിറ്റിൽ 14281 കോടി രൂപ വിദേശ നിക്ഷേപം ആയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly